(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച പൂജപ്പുര പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ;

(സി) ഈ കേസിലെ പ്രതിയെ അറസ്റ്റ് ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഈ കേസ്സിലെ പ്രതി മറ്റ് ഏതെങ്കിലും കേസ്സിലോ, കേസ്സുകളിലോ പ്രതിയായിട്ടുണ്ടോ ;

(ഇ) ഈ പ്രതിക്ക് കോടതി റിമാന്റിനുശേഷം ജാമ്യം നൽകിയിട്ടുണ്ടോ എന്നത് സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ ;

(എഫ്) പ്രതിയെ അറസ്റ്റ് ചെയ്യാതെ കോടതിയിൽ നിന്നും ജാമ്യമെടുക്കാനുള്ള സാഹചര്യം ഉണ്ടാക്കുകയാണ് സിറ്റി പോലീസ് ചെയ്തതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) തിരുവനന്തപുരം കോർപ്പറേഷനിൽ ഉൾപ്പെടെ തൃക്കണ്ണാപുരം വെസ്റ്റ് വാർഡ് കൗൺസിലറെ 1-6-2003-ന് ടി വാർഡിലെ മാധവൻപിള്ളയുടെ മക്കളായ ജയകുമാറും സുരേഷ്കുമാറും ചേർന്ന് കൈകൊണ്ട് ഇടിച്ച് ദേഹോപദ്രവം ഏല്പിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി പ്രതികൾ കൺറ്റോൺമെന്റ് സബ് ഡിവിഷൻ പരിധിയിൽ മറ്റു കേസുകളിൽ ഉൾപ്പെട്ടിട്ടില്ലാത്തവരും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരല്ലാത്തവരുമാകുന്നു.

(ബി) ഉണ്ട്. പൂജപ്പുര പോലീസ് സ്റ്റേഷനിൽ ക്രൈം 113/03 നമ്പരായി 341, 323 $ 34 ഐ.പി.സി. വകുപ്പുകൾ പ്രകാരമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(സി) പോലീസിൽ കേസ് രജിസ്റ്റർ ചെയ്തതിനെ തുടർന്ന് അറസ്റ്റ് ഭയന്ന് പ്രതികൾ ഒളിവിൽ പോകുകയും തുടർന്ന് പ്രതികൾ ബഹു. കോടതിയിൽ നേരിട്ടു ഹാജരായിട്ടുള്ളതും ബഹു. കോടതി ജാമ്യം നൽകിയിട്ടുള്ളതുമാണ്.

(ഡി) ഇല്ല.

(ഇ) പ്രതികൾ ബഹു. കോടതി മുമ്പാകെ നേരിട്ട് ഹാജരായി ജാമ്യം നേടിയിട്ടുള്ളതും കോടതി റിമാന്റ് ചെയ്തിട്ടില്ലാത്തതുമാകുന്നു.

(എഫ്) ആക്ഷേപം ശരിയല്ല.

ദീപിക ഫോട്ടോഗ്രാഫർ എൻ.ജെ. റോബിൻസന് മർദ്ദനമേറ്റ സംഭവം

60 (3012) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദീപിക തൃശൂർ യൂണിറ്റിലെ സ്റ്റാഫ് ഫോട്ടോഗ്രാഫർ ശ്രീ. എൻ. ജെ. റോബിൻസനെ തന്റെ ജോലി നിർവഹിക്കുന്നതിനിടെ മർദ്ദനമേറ്റ് (25-6-2003) തൃശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അക്രമികളുടെ പേരിൽ കേസ് ചാർജ് ചെയ്തിട്ടുണ്ടോ ;

(സി) എങ്കിൽ ഏതൊക്കെ വകുപ്പുകൾ പ്രകാരമാണ് കേസ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ ;

(ഇ) അറസ്റ്റ് ചെയ്തെങ്കിൽ അവർക്ക് ജാമ്യം ലഭിച്ചിട്ടുണ്ടോ ;

(എഫ്) മണ്ണെണ്ണ അനധികൃതമായി വിൽക്കുകയും ഡീസലിൽ മണ്ണെണ്ണ കലർത്തി വിൽക്കുകയും ചെയ്യുന്ന രംഗം ഫോട്ടോയിൽ പകർത്തിയതിന്റെ പേരിലാണ് പത്രലേഖകന് മർദ്ദനമേറ്റതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) റോബിൻസനെ മർദ്ദിച്ച സംഭവത്തെ സംബന്ധിച്ച് സർക്കാരിന് പരാതി ലഭിച്ചിട്ടുണ്ടോ ; ആരാണ് ഇത് സംബന്ധിച്ച് പരാതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(എച്ച്) പത്രലേഖകർക്കും പ്രസ് ഫോട്ടോഗ്രാഫർമാർക്കും തങ്ങളുടെ ജോലി ചെയ്യുന്നതിനിടെ മർദ്ദനമേൽക്കുകയും കൈയേറ്റം ഉണ്ടാവുകയും ചെയ്യുന്ന സാഹചര്യം കണക്കിലെടുത്ത് പത്രലേഖകർക്കും ഫോട്ടോഗ്രാഫർമാർക്കും വീഡിയോഗ്രാഫർമാർക്കും സംരക്ഷണം നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അക്രമികളുടെ പേരിൽ പുതുക്കാട് പി.എസ്.ക്രൈം 331/03 നമ്പർ ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) സെക്ഷൻ 341, 323, 324, 294(ബി), 34 ഐ.പി.സി. പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(ഡി) മൂന്നു പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ഇ) പ്രതികളെ 26-6-2003 തീയതി സ്റ്റേഷനിൽ നിന്നും ആൾ ജാമ്യത്തിൽ വിട്ടയച്ചിട്ടുള്ളതാണ്.

(എഫ്) ഉണ്ട്. മണ്ണെണ്ണ പമ്പിൽ നിന്നും വാഹനങ്ങളിൽ മണ്ണെണ്ണ നിറയ്ക്കുന്നത് ഫോട്ടോ എടുത്തതിലുള്ള വിരോധം വച്ചാണ് പ്രതികൾ ദീപിക ഫോട്ടോഗ്രാഫറെ മർദ്ദിച്ചിട്ടുള്ളത്.

(ജി) ഉണ്ട്. തൃശൂർ മെഡിക്കൽ കോളേജിൽ ചികിത്സയിലിരിക്കെ റോബിൻസൻ പറഞ്ഞ മൊഴി അനുസരിച്ചാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. പുറമേ സർക്കാരിൽ രണ്ട് പരാതികൾ ലഭിച്ചിട്ടുണ്ട്. (1) ശ്രീ. അലക്സാണ്ടർ സാം, രാഷ്ട്രദീപിക, തൃശൂർ, (2) ശ്രീ. കെ. ജി. മുരളീധരൻ, പ്രസിഡന്റ്, കേരള യൂണിയൻ ഓഫ് വർക്കിംഗ് ജോണലിസ്റ്റ് എന്നിവരാണ് പരാതി സമർപ്പിച്ചിട്ടുള്ളത്.

(എച്ച്) നിയമവിധേയമായ എല്ലാ സംരക്ഷണവും നൽകാൻ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly